# ‘തലമുറകളുടെ സങ്കേതമായ ദൈവം’

## സങ്കീർത്തനങ്ങൾ 90:1

‘‘കർത്താവേ, നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു.’’

ഇങ്ങനെ തലമുറയുടെ തെറ്റായ ജീവിതരീതികളെയോർത്ത് ഒട്ടുമിക്ക മാതാപിതാക്കളും പരിഭ്രാന്തരാകുന്നതായി നമുക്ക് കാണാവുന്നതാണ്. അവർ ദൈവീകപാതയിലേക്കും ദൈവത്തിന്റെ മാറ്റമില്ലാത്ത വചനത്തിലേക്കും കടന്നുവന്നെങ്കിൽ മാത്രമേ ഈ ദുഷ്ടലോകത്ത് സന്മാർഗ്ഗികളായി ജീവിക്കുവാൻ സാധിക്കുകയുള്ളു എന്നുള്ളത് മറയില്ലാത്ത ഒരു സത്യമാണ്. നാശത്തിന്റെ ആഴിയിലേക്ക് മുങ്ങിപ്പോയിക്കൊണ്ടിരിക്കുന്ന ഓരോ ജീവിതത്തെയും കരം നീട്ടി രക്ഷിക്കുവാനുള്ള കടമ ഓരോ ദൈവപൈതലിന്റെയും മാത്രമാണ്. എന്റെ ഭവനം, എന്റെ മക്കൾ എന്നുള്ള സ്വാർത്ഥ മനോഭാവം വെടിഞ്ഞുകൊണ്ട് ഓരോ ആത്മാവും ദൈവസന്നിധിയിൽ വിലയേറിയതാണെന്നുള്ള വാസ്തവം നാം മനസ്സിലാക്കണം.

ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ അവന്റെ ബലം പ്രാർത്ഥനയാകുന്നു. യേശുവിനെ രക്ഷകർത്താവായി സ്വീകരിച്ച ഓരോ വ്യക്തിയും നമ്മുടെ മക്കളോട് അവരുടെ ജീവിതത്തിൽ കഴിഞ്ഞകാലങ്ങളിൽ ദൈവം നടത്തിയ വഴികളും സാക്ഷ്യങ്ങളും പങ്കുവെച്ച് കൊടുക്കേണ്ടതാണ്. ഒരുപക്ഷേ ഇന്നത്തെ നമ്മുടെ തലമുറകൾ വിശ്വാസത്തിനു വേണ്ടി ഒരു വിലയും കൊടുക്കേണ്ടതായി വന്നിട്ടില്ലായിരിക്കാം. എന്നാൽ മാതാപിതാക്കൾ വിശ്വാസ ജീവിതത്തിൽ നേരിട്ട കഷ്ടതകളും, ശോധനകളും, ദൈവം വിടുവിച്ച വിധങ്ങളുമെല്ലാം വരുംതലമുറകളോടും പറഞ്ഞുകൊടുത്ത് ദൈവനാമ മഹത്വത്തിനായി അവരെ ഒരുക്കേണം.

സദൃശവാക്യങ്ങൾ 23:13 പറയുന്നു. ‘ബാലനു ശിക്ഷ കൊടുക്കാതിരിക്കരുത്; വടികൊണ്ട് അടിച്ചാൽ അവ ചത്തുപോകുകയില്ല’.

നമ്മുടെ കുഞ്ഞുങ്ങളെ ശാസനയിലും ശിക്ഷണത്തിലും വളർത്തിയെടുക്കേണം എന്ന് ഈ വചനം വ്യക്തമായി പഠിപ്പിക്കുന്നു. പഴയനിയമം നാം വായിക്കുമ്പോൾ 1ശമുവേൽ 3:13ൽ ഏലിയുടെ മക്കൾ തെറ്റ് ചെയ്തിട്ട് അഥവാ ദൈവഭൂഷണം പറയുന്നതറിഞ്ഞിട്ടും ഏലി അവരെ ശാസിച്ചമർത്തായ്കകൊണ്ട് അവന്റെ ഭവനത്തിന് അകൃത്യം വരുത്തുവാൻ യഹോവ കല്പിച്ചിരിക്കുന്നു. ഇതിലൂടെയൊക്കെയും നമ്മുടെ തലമുറകളെ

ശാസിച്ച് വളർത്തണമെന്നും അവരെ നേരായ മാർഗ്ഗത്തിൽ ദൈവീകപാതയിലേക്ക് കൊണ്ടുവരണമെന്നും ദൈവം ആഗ്രഹിക്കുന്നു.

നമ്മുടെ തലമുറകൾ നാളെയുടെ വാഗ്ദാനങ്ങളാണ്. അവരെ നാം എല്ലാ ദിവസവും അനുഗ്രഹിച്ച് പ്രാർത്ഥിക്കണം. നമ്മുടെ കുടുംബപ്രാർത്ഥനകളിൽ അവരെ നിശ്ചയമായും ഉൾപ്പെടുത്തണം. ദൈവവചനം വായിക്കുവാനും പഠിപ്പിക്കുവാനും അതനുസരിച്ച് ജീവിക്കുവാനും അവരെ പഠിപ്പിച്ചു കൊടുക്കണം. അങ്ങനെയെങ്കിൽ നമ്മുടെ തലമുറകൾ ഒരുനാളും നഷ്ടമായിപ്പോകുവാൻ സർവ്വശക്തനായ ദൈവം സമ്മതിക്കുകയില്ല.

മാതാപിതാക്കളാകുന്ന നാം ദൈവീക പ്രമാണങ്ങൾ പാലിച്ചുകൊണ്ട് തലമുറകൾക്ക് ഒരു മാതൃകയായിത്തീരുവാൻ ഇടയാകണം. അതിനായി നമ്മെയും നമ്മുടെ തലമുറകളെയും ദൈവസന്നിധിയിൽ അർപ്പിക്കാം. ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ.

പരാമർശം :

യെശയ്യാവ് 59:21

ഞാൻ അവരോടു ചെയ്തിരിക്കുന്ന നിയമമോ ഇതാകുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു: നിന്റെമേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും നിന്റെ വായിൽനിന്നും നിന്റെ സന്തതിയുടെ വായിൽനിന്നും നിന്റെ സന്തതിയുടെ സന്തതിയുടെ വായിൽനിന്നും ഇന്നുമുതൽ ഒരുനാളും വിട്ടുപോകയില്ല എന്നു യഹോവ അരുളിച്ചെയ്യുന്നു.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 049